ഭാഗ്യക്കുറികൾ പുനരാരംഭിക്കുമ്പോൾ വരുത്താൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ

*4 [655] *ശ്രീ. നാലകത്ത് സൂപ്പി:*

„ *സി. മമ്മൂട്ടി:*

„ *യു. സി. രാമൻ:*

„ *പി. കെ. കെ. ബാവ:*

„ *കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഗ്യക്കുറികൾ പുനരാരംഭിക്കുമ്പോൾ മുമ്പുണ്ടായിരുന്ന രീതിയിൽ തന്നെയാണോ സമ്മാനത്തുകകളും ഭാഗ്യക്കുറി നടത്തിപ്പും തുടരാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) ഇല്ലെങ്കിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിൽ സർക്കാരിന് വരുമാനം വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ച് വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):*

(എ) തുടക്കത്തിൽ കാതലായ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി) & (സി) പ്രസക്തമല്ല.

സംസ്ഥാന സർക്കാരിന്റെ മദ്യനയം

*5 [656] *ശ്രീ. വി. കെ. ചന്ദ്രൻ:*

„ *കെ. കെ. ജയചന്ദ്രൻ:*

„ *രാജു എബ്രഹാം:*

„ *ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ മദ്യനയത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) നയം നടപ്പാക്കുന്നതിന്റെ ഭാഗമായി നിയമത്തിലും ചട്ടത്തിലും എന്തൊക്കെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് ഇറക്കിയ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ;

(ഡി) ബിയർ ഉണ്ടാക്കുന്നതിനും ബിയർ പാർലറുകൾ അനുവദിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly